# കേരള സർക്കാർ

## ജലവിഭവ വകുപ്പ് (ചെറുകിട ജലസേചനം)

## ദർഘാസ് പരസ്യം

നമ്പർ ഡി1 314/2012 തിയ്യതി 09.02.2018

കേരള ഗവർണർക്കുവേണ്ടി കോഴിക്കോട് ചെറുകിട ജലസേചനവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊയിലാണ്ടി താഴെ പറയുന്ന പ്രവൃത്തികൾക്കുവേണ്ടി യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മൽസരാടിസ്ഥാനത്തിലുള്ള മുദ്ര വെച്ചതും പ്രവൃത്തിയുടെ പേര് പുറത്ത് ആലേഖനം ചെയ്തിട്ടുള്ളതുമായ കവറുകളിൽ ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ രജിസ്റ്റേർഡ് തപാൽ, സ്പീഡ് പോസ്റ്റ് എന്നിവ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. കൊറിയർ സർവ്വീസ് വഴി അയക്കുന്നതോ, നേരിട്ട് നൽകുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാൽ തകരാറുമൂലമോ മറ്റോ കാലതാമസം വന്നാൽ ഡിപ്പാർട്ട്മെന്റ് യാതൊരുവിധ ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതല്ല. ദർഘാസിന്റെ കാലാവധി അതു സ്വീകരിക്കുന്ന അവസാന തിയ്യതി മുതൽ രണ്ടുമാസം ആയിരിക്കും.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | ദർഘാസ് ഫീസ് | കരാറുകാരന്റെ യോഗ്യത | ദർഘാസ് സ്വീകരിക്കുന്ന അവസാന തിയ്യതി | പ്രവൃത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 13/2017-18 | കോഴിക്കോട് ജില്ലയിൽ വേളം പഞ്ചായത്തിലെ 12-ാം വാർഡിൽ മീമ്പാലം തോടിനു കുറുകെ പുതിയോട്ടിൽതാഴെ താൽക്കാലിക തടയണ നിർമ്മാണം | 2,65,000/- രൂപ | 6650 രൂപ | 550 രൂപ+ ജി.എ സ്.ടി | ഡി ക്ലാസ്സോ അതിനു മുകളിലോ | 21.02.2018 ഉച്ചക്കു ശേഷം 3 മണി വരെ | 1 മാസം |

ദർഘാസ് പ്രമാണങ്ങളും മറ്റുവിവരങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും 15/02/2018, 16/02/2018, 17/2/2018 തിയ്യതികളിൽ ഉച്ചയ്ക്ക് 1 മണിവരെ ദർഘാസ് ഫോറത്തിന്റെ വില മണിയോർഡറായോ, റൊക്കം പണമായോ അടച്ച് രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് ഫോറത്തിനുവേണ്ടി അടക്കുന്ന തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല. പ്രവൃത്തികളുടെ ദർഘാസുകൾ 21/02/2018 ഉച്ചയ്ക്ക് ശേഷം 3 മണിവരെ മാത്രമേ സ്വീകരിക്കുകയുള്ളൂ. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന ദിവസം ഉച്ചയ്ക്കുശേഷം 3.30 മണിക്ക് സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥനോ ദർഘാസുകൾ തുറക്കുന്നതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അതിന് തൊട്ടു പിന്നീടുള്ള പ്രവൃത്തി ദിവസം ടി സമയത്ത് ടി ദർഘാസുകൾ നടത്തുന്നതാണ്. ദർഘാസിന്റെ ഏകദേശ ഫീസാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അപേക്ഷ സമർപ്പിക്കുമ്പോൾ യഥാർത്ഥ ഫീസ് എത്രയെന്ന് ഓഫീസിൽ അന്വേഷിക്കേണ്ടതും ആയത് ദർഘാസ് പ്രമാ

ണത്തിനായി ഒടുക്കേണ്ടതാണ്. അടങ്കൽ തുക മാർക്കറ്റ് നിരക്കിൽ കണക്കാക്കിയിട്ടുള്ള സാധനസാമഗ്രികൾക്ക് ടെണ്ടർ നിരക്കിലെ വ്യതിയാനങ്ങൾ ബാധകമല്ല.

ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാർ (ലേബർ കോൺട്രാക്ട് സൊസൈറ്റി ഉൾപ്പെടെ) അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ ഹാജരാക്കേണ്ടതാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ അവർ ഏറ്റെടുക്കുന്ന പണികളുടെ ആകെ അടങ്കൽ തുകയുടെ സർട്ടിഫിക്കറ്റ് അതാത് രജിസ്ട്രാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കണ്ടതാണ്.

ദർഘാസ് പ്രമാണങ്ങൾ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാകുന്നു. നിരത ദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അധികാരപ്പെടുത്തിയതും ആവശ്യമായ സ്റ്റാമ്പ് പതിച്ച് ഒപ്പിട്ടതുമായ നിരതദ്രവ്യം ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. കരാറുകാർ ദർഘാസിനൊപ്പം 200 രൂപ വിലയുള്ള മുദ്ര പത്രത്തിൽ നിശ്ചിത മാതൃകയിലുള്ള പ്രാഥമിക ഉടമ്പടി കൂടി സമർപ്പിക്കേണ്ടതാണ്. മേൽപറഞ്ഞ വ്യവസ്ഥകൾ പാലിക്കാത്തതും നേരിട്ടുസമർപ്പിക്കുന്നതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

1987-ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമ നിയമത്തിലെ 8(2) വകുപ്പനുസരിച്ച് മേൽപ്പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ റൊക്കം ചെലവിന്റെ 1% കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് ബില്ലിൽ നിന്നും നൽകേണ്ടതാണ്. കേരള ജലസേചനവകുപ്പിൽ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ ചട്ടങ്ങളും നിബന്ധനകളും ഈ ദർഘാസിന് ബാധകമായിരിക്കുന്നതാണ്.

Office of The Asst.Executive Engineer Minor Irrigation Sub Division Koyilandy

സദാശിവൻ. ഇ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
**(കേരള ഗവർണർക്കുവേണ്ടി)**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
ചെറുകിട ജലസേചന വിഭാഗം, കൊയിലാണ്ടി

<u>പകർപ്പ്</u>

1. ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും തിരുവനന്തപുരത്തിന്റെ വൈബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി സമർപ്പിക്കുന്നു.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ കോഴിക്കോടിന് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടി
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി കോഴിക്കോടിന് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടി
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ കോഴിക്കോടിന് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടി
5. അസിസ്റ്റന്റ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെക്ഷൻ വടകരക്ക് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടി
6. അസിസ്റ്റന്റ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെക്ഷൻ കൊയിലാണ്ടിക്ക് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടി